**A** **GI 712**

# സമഗ്ര ശിക്ഷാ, കേരളം

# അർധവാർഷിക മൂല്യനിർണയം 2019–20

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. ഓരോ പ്രവർത്തനത്തിന്റെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

**പ്രവർത്തനം : 1 വായിക്കാം എഴുതാം**

**പഠനനേട്ടം**

**ആശയഗ്രഹണവായന നടത്തുന്നു. വായനയുടെ വിവിധ തലങ്ങളിലൂടെ സ്വതന്ത്രമായ ചിന്ത രൂപപ്പെടുത്തുന്നു.**

**സൂചകങ്ങൾ**

1. അപൂർവ നിറങ്ങൾ വാരിവിതറിക്കൊണ്ട്.
2. പ്രകൃതിയെ
3. പൂമരങ്ങൾ
4. സന്തോഷമുള്ളതാക്കി
5. ചിതറിക്കിടക്കുന്നതുകൊണ്ട്

**പ്രവർത്തനം 2 : അനുഭവക്കുറിപ്പ്**

**പഠനനേട്ടം**

**അനുഭവങ്ങളുമായി ബന്ധപ്പെട്ട് പ്രസക്തമായ ആശയങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി ഭാഷാ മികവോടെ (ശൈലി, സവിശേഷപ്രയോഗങ്ങൾ) സംക്ഷിപ്തമായി കുറിപ്പുകൾ തയാറാക്കുന്നു.**

**സൂചകങ്ങൾ**

1. അനുഭവങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)
2. അനുയോജ്യമായ ഭാഷാശൈലി (ആത്മാംശം ഉൾക്കൊണ്ടത്, സവിശേഷപ്രയോഗം, ശൈലി എന്നിവ ഉപയോഗിച്ചിട്ടുണ്ട്. (1)
3. രചനയിൽ ആശയവ്യക്തതയും സൂക്ഷ്മതയും പാലിച്ചിട്ടുണ്ട്. (1)
4 വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)
5 വ്യവഹാരരൂപത്തിന്റെ ഘടന, സ്വഭാവം പാലിച്ചിട്ടുണ്ട്. (1)

പ്രവർത്തനം 3 : പോസ്റ്റർ നിർമിക്കാം

പഠനനേട്ടം : ആശയങ്ങൾ ക്രോഡീകരിച്ച് വാചികമായും ലിഖിതമായും പ്രകടിപ്പിക്കുന്നു.

സൂചകങ്ങൾ

1. പ്രധാന ആശയം മനസിൽ പതിയുന്ന വിധത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)
2. വാക്കുകളും വാക്യങ്ങളും സംക്ഷിപ്തമായി എഴുതിയിട്ടുണ്ട്. (1)
3. പോസ്റ്ററിന്റെ ഘടന പാലിച്ചിട്ടുണ്ട്. (1)
4. വാക്യങ്ങളും ചിത്രങ്ങളും ആകർഷകമായി ക്രമീകരിച്ച് സംയോജിപ്പിച്ചിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

പ്രവർത്തനം 4 : താരതമ്യക്കുറിപ്പ്

പഠനനേട്ടം : കഥാപാത്രങ്ങളുടെ സവിശേഷതകൾ ഉൾക്കൊണ്ട് താരതമ്യം നടത്തുന്നു.

സൂചകങ്ങൾ

1. താരതമ്യത്തിന് വിധേയമായ കഥാപാത്രങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കിയിട്ടുണ്ട് . (1)
2. അനുയോജ്യമായ ഭാഷ (ശൈലി, പ്രയോഗങ്ങൾ) പ്രയോഗിച്ചിട്ടുണ്ട്. (1)
3. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തിസഹമായി വ്യക്തമാക്കിയിട്ടുണ്ട് (1)
4. ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട് (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ചെഴുതിയിട്ടുണ്ട്. (1)

പ്രവർത്തനം 5 : വിലയിരുത്തൽ കുറിപ്പ്

**പഠനനേട്ടം : നിർദിഷ്ട വിഷയവുമായി ബന്ധപ്പെട്ട പ്രസക്തമായ ആശയങ്ങൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി ആശയ പൂർണതയിൽ മികവുപാലിച്ച് കുറിപ്പുകൾ തയാറാക്കുന്നു**

**സൂചകങ്ങൾ**

1. പാഠഭാഗത്തിലെ ആശയത്തെയും കാർട്ടൂണിലെ ആശയത്തെയും ബന്ധിപ്പിച്ച് വിലയിരുത്തിയിട്ടുണ്ട്(1)
2. സ്വാഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)
3. ഭാഷ അനുയോജ്യവും(ശൈലി, പ്രയോഗങ്ങൾ, പഴഞ്ചൊല്ലുകൾ) ആകർഷകവുമാണ്. (1)
4. വ്യവഹാരരൂപത്തിന്റെ ഘടന, സ്വഭാവം എന്നിവ പാലിച്ച് എഴുതിയിട്ടുണ്ട്. (1)
4. വാക്യഘടന, ചിഹ്നനം, എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം 6 : വിശകലനക്കുറിപ്പ്**

**പഠനനേട്ടം : നിർദിഷ്ട വിഷയവുമായി ബന്ധപ്പെടുത്തി ആശയങ്ങൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി ആശയപൂർണതയും ഭാഷാ മികവും പാലിച്ച് കുറിപ്പുകൾ തയാറാക്കുന്നു.**

**സൂചകങ്ങൾ**

1. കവിതയിലെയും കഥയിലേയും ആശയം ഉൾക്കൊണ്ട് രചന നിർവഹിച്ചിട്ടുണ്ട്. (2)
2. സ്വാഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)
3. ഭാഷ അനുയോജ്യവും (ശൈലി, പ്രയോഗങ്ങൾ) ആകർഷകവുമാണ്. (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)